I. ഇ.ബി. XV-കേരള നിയമസഭ/XIV-7

**പതിനഞ്ചാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2025 സെപ്റ്റംബർ 30, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

## I നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിനുള്ള നോട്ടീസ്

മി. സ്പീക്കർ: ചട്ടം 50 പ്രകാരം ഇന്ന് ലഭിച്ച നോട്ടീസ് ടെലിവിഷൻ ചർച്ചയ്ക്കിടെ വിവാദ പരാമർശം നടത്തിയ വ്യക്തിയെ അറസ്റ്റ് ചെയ്യാത്തത് സംബന്ധിച്ചാണ്. ഈ വിഷയത്തിന് അടിയന്തര പ്രാധാന്യമില്ലാത്തതിനാൽ അനുവദിക്കാൻ കഴിയുന്നതല്ല. ഈ വിഷയം ആദ്യ സബ്മിഷനായി അവതരിപ്പിക്കാവുന്നതാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): ഇന്ന് നോട്ടീസ് നൽകിയ വിഷയം ഗൗരവമുള്ളതും പ്രാധാന്യമുള്ളതുമാണ്. ചാനൽ

ചർച്ചയ്ക്കിടയിൽ ലോക്സഭാ പ്രതിപക്ഷനേതാവായ ശ്രീ. രാഹുൽ ഗാന്ധിയുടെ നെഞ്ചിൽ വെടിയുതിർക്കുമെന്ന് ആക്രോശിച്ച ബി.ജെ.പി. നേതാവിനെ സംരക്ഷിക്കുന്ന നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്. ഗൗരവമില്ലാത്ത വിഷയമാണെന്ന ചെയറിന്റെ പരാമർശത്തിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുന്നു.

മി. സ്പീക്കർ: ലോക്സഭാ പ്രതിപക്ഷനേതാവിനോട് ബഹുമാനമുണ്ടെങ്കിലും ചാനൽ ചർച്ചയ്ക്കിടെ നടത്തുന്ന പരാമർശം സംബന്ധിച്ച് സഭയിൽ അവതരിപ്പിക്കുന്നതിന് അനുവാദം നൽകാൻ കഴിയില്ല.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിനുള്ള നോട്ടീസിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസിനുമുന്നിൽ വന്നുനിന്ന് ബാനർ ഉയർത്തിപ്പിടിച്ച് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ സ്പീക്കർ കാര്യവിവരപ്പട്ടികയിലെ അടുത്ത ഇനങ്ങളിലേയ്ക്ക് കടന്നു.)

## II ശ്രദ്ധക്ഷണിക്കൽ

(1) സ്വകാര്യ കശുവണ്ടി ഫാക്ടറികളിലെ പ്രശ്നങ്ങൾ

ശ്രീ. കോവൂർ കുഞ്ഞുമോൻ: സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന കശുവണ്ടി ഫാക്ടറികളിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അടഞ്ഞുകിടക്കുന്ന ഫാക്ടറികൾ സർക്കാർ ഏറ്റെടുക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): കശുവണ്ടി തൊഴിലാളികളുടെ കൂലി 23 ശതമാനം വർധിപ്പിക്കുകയും ഓണക്കാലത്ത് 3,45,87,500/- രൂപ ബോണസായി നൽകുകയും ചെയ്തിട്ടുണ്ട്. അടഞ്ഞുകിടക്കുന്ന കശുവണ്ടി ഫാക്ടറികൾ തുറന്ന് പ്രവർത്തിക്കുന്നതിനാവശ്യമായ സാമ്പത്തിക പിന്തുണ നൽകുകയും രണ്ട് കോടി രൂപയ്ക്ക് മുകളിലുള്ള വായ്പകളിൽ 50 ശതമാനംവരെ അടച്ചാൽ മതിയെന്നുള്ള സെറ്റിൽമെന്റിന്റെ അടിസ്ഥാനത്തിൽ കാലാവധി ഒരു വർഷംകൂടി ദീർഘിപ്പിച്ച് നൽകാനും തീരുമാനിച്ചിട്ടുണ്ട്. ഈ മേഖലയിൽ പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതാണ്. നേരത്തെ ഏറ്റെടുത്ത ഫാക്ടറികൾക്ക് നഷ്ടപരിഹാരം നൽകണമെന്ന കോടതി വിധികളുടെ പശ്ചാത്തലത്തിൽ പുതിയ കമ്പനികൾ ഏറ്റെടുക്കാൻ സർക്കാരിന് പ്രായോഗിക ബുദ്ധിമുട്ടുണ്ട്.

(നോട്ടീസ് നൽകിയ അംഗം ശ്രീ. എ. കെ. എം. അഷ്റഫ് സീറ്റിലില്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല.)

(പ്രതിപക്ഷാംഗങ്ങൾ ബഹളം തുടർന്നുകൊണ്ടിരുന്നതിനാൽ സബ്മിഷനുകൾക്കുള്ള മറുപടി ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ മേശപ്പുറത്തുവയ്ക്കണമെന്ന് ബഹുമാനപ്പെട്ട സ്പീക്കർ നിർദേശിച്ചു.)

## III റിപ്പോർട്ട് സമർപ്പണം

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിച്ചു:

1) കാര്യോപദേശക സമിതിയുടെ പതിനെട്ടാമത് റിപ്പോർട്ട്

2) സബ്ജക്ട് കമ്മിറ്റി IX-ന്റെ 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2025-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ സംബന്ധിച്ച റിപ്പോർട്ടും 2025-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ സംബന്ധിച്ച റിപ്പോർട്ടും.

3) സബ്ജക്ട് കമ്മിറ്റി XI-ന്റെ 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2024-25 സാമ്പത്തിക വർഷത്തെ

ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും

4) ഹർജികൾ സംബന്ധിച്ച സമിതിയുടെ അഞ്ചും ആറും റിപ്പോർട്ടുകൾ.

## IV റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ പതിനെട്ടാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

## V നിയമനിർമ്മാണകാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപവും:

(i) 2025-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ഭേദഗതി (2-ാം നമ്പർ) ബിൽ

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): 2025-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ഭേദഗതി (2-ാം നമ്പർ) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള ചട്ടം 75(1) പ്രകാരമുള്ള സ്റ്റേറ്റ്മെന്റ്

മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ഡോ. ആർ. ബിന്ദു: 2025-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ഭേദഗതി (2-ാം നമ്പർ) ബിൽ വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

(നിരാകരണ പ്രമേയവും ഭേദഗതികളും അവതരിപ്പിച്ചില്ല.)

മി. സ്പീക്കർ: 2025-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ഭേദഗതി (2-ാം നമ്പർ) ബിൽ വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

(ii) 2025-ലെ കേരള ഏക കിടപ്പാടം സംരക്ഷണ ബിൽ

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): 2025-ലെ കേരള ഏക കിടപ്പാടം സംരക്ഷണ ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. പി. രാജീവ്: 2025-ലെ കേരള ഏക കിടപ്പാടം സംരക്ഷണ ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

(ഭേദഗതികൾ അവതരിപ്പിച്ചില്ല.)

മി. സ്പീക്കർ: 2025-ലെ കേരള ഏക കിടപ്പാടം സംരക്ഷണ ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

(iii) 2025-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): 2025-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും

വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. പി. രാജീവ്: 2025-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

(ഭേദഗതികൾ അവതരിപ്പിച്ചില്ല.)

മി. സ്പീക്കർ: 2025-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

(സഭ രാവിലെ 10.20-ന് പിരിഞ്ഞു.)

-------------